കോട്ടയം	4
എറണാകുളം	34
തൃശ്ശൂർ	2
മലപ്പുറം	24
കോഴിക്കോട്	5
കാസർഗോഡ്	ഇല്ല
കണ്ണൂർ	2
ആകെ	131

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

86 (426) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ വിവിധ ഔട്ട്‌ലെറ്റുകളിൽ ആവശ്യത്തിന് സാധനങ്ങളുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സബ്സിഡി നിരക്കിൽ നൽകുന്ന സാധനങ്ങൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തുമോ ;

(സി) കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്ന് എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ നൽകുന്ന സാധനങ്ങൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്ന് ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly